പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2550** 14.02.2013-ൽ മറുപടിക്ക്

## ജീവിതശൈലീരോഗങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിനും കുറയ്ക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ / പരിപാടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ; | (എ) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും, കുറയ്ക്കുന്നതിനും വേണ്ടി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പരിപാടിയാണ് 'അമൃതം ആരോഗ്യം' എന്ന പേരിൽ അറിയപ്പെടുന്ന ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതി. സംസ്ഥാനത്തെ 230 സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും, 835 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും, 5000 – ൽ പരം കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു. 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും പ്രമേഹം, രക്താതി സമ്മർദ്ദം തുടങ്ങിയ രോഗങ്ങൾ ഉണ്ടോ എന്ന് പരിശോധിച്ച് ആഹാരത്തെക്കുറിച്ചും, വ്യായാമത്തെക്കുറിച്ചും ബോധവത്ക്കരണം നടത്തുക, പുകവലി, മദ്യപാനം തുടങ്ങിയവയ്ക്ക് എതിരെ അവബോധം സൃഷ്ടിക്കുക, രോഗം കണ്ടുപിടിക്കപ്പെട്ടവരെ സി.എച്ച്.സി/പി.എച്ച്.സി കളിൽ വിട്ട് ചികിത്സ ആരംഭിക്കുക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ. ഇതിനായി ആരോഗ്യ സ്ഥാപനങ്ങളിൽ ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, വെയിംഗ് മെഷീൻ തുടങ്ങിയ ഉപകരണങ്ങളും 12–ഇനം മരുന്നുകളും, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ലഭ്യമാക്കുകയുണ്ടായി. |
| (ബി) കോഴിക്കോട് ഡി.എം.ഒ. യുടെ കീഴിൽ ജില്ലയിൽ എന്തെല്ലാം പദ്ധതികൾ / പ്രവർത്തനങ്ങൾ നടന്നുവരുന്നു എന്ന് വ്യക്തമാക്കാമോ ; | (ബി) ജില്ലയിൽ 419 സബ്സെന്ററുകളിൽ എൻ.സി.ഡി. ക്ലിനിക്കുകൾ തുടങ്ങി കഴിഞ്ഞു. ഇവിടങ്ങളിൽ ആഴ്ചയിൽ ഒരിക്കൽ ഉച്ചകഴിഞ്ഞ് രണ്ടുമണി മുതൽ നാലുമണി വരെ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു.<br>ജില്ലയിലെ 68 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ബുധനാഴ്ചതോറും രാവിലെ 8 മണി മുതൽ 1 മണി വരെ എൻ.സി.ഡി. ക്ലിനിക്കുകൾ നടത്തുന്നു. |

[2-]

ജില്ലയിലെ 16 സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ ആഴ്ചയിൽ 6 ദിവസവും ജീവിത ശൈലീ രോഗപ്രതിരോധ ക്ലിനിക്കുകൾ നടത്തുന്നു.

താലൂക്ക് / ജില്ലാ ആശുപത്രികളിൽ എല്ലാ വ്യാഴാഴ്ചയും രാവിലെ 8 മണി മുതൽ 1 മണിവരെ എൻ.സി.ഡി. ക്ലിനിക്കുകൾ നടത്തുന്നു.

ഈ പ്രോഗ്രാമിനു വേണ്ടി നൂറോളം ജീവനക്കാരെ (ഡോക്ടർമാർ, നേഴ്സുമാർ, ന്യൂട്രീഷ്യനിസ്റ്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ) പുതുതായി നിയമിക്കുകയും, 900 ത്തോളം പാരാമെഡിക്കൽ ജീവനക്കാർക്കും 270 ഡോക്ടർമാർക്കും പരിശീലനവും നൽകി കഴിഞ്ഞു.

ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, വെയിംഗ് മെഷീൻ എന്നിവ പ്രവർത്തനത്തിനുവേണ്ടി നൽകി കഴിഞ്ഞു.

| | |
|---|---|
| (സി) കോഴിക്കോട് ഡി.എം.ഒ. സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ? | (സി) കോഴിക്കോട് ജില്ലയിൽ ബ്ലോക്ക് തലത്തിൽ 74 - ഉം ഗ്രാമപഞ്ചായത്തിൽ 631- ഉം മുനിസിപ്പാലിറ്റി തലത്തിൽ 16 - ഉം കോർപ്പറേഷൻ തലത്തിൽ 24 - ഉം പദ്ധതികൾക്ക് അനുമതിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ